കൂടാതെ വാട്ടർ അതോറിറ്റിയുടെ വളരെക്കാലങ്ങളായുള്ള അനുഭവങ്ങൾവെച്ച് എച്ച്.ഡി.പി.ഇ. പൈപ്പുകൾ പ്രീ സെടസ്ഡ് കോൺക്രീറ്റ് പൈപ്പുകൾ ഏ.സി. പൈപ്പുകൾ എന്നീ ഇനം പൈപ്പുകളിലാണ് പൊട്ടലുകൾ കൂടുതലും ഉണ്ടാകുന്നതെന്ന് മനസ്സിലാക്കി.

(ഡി) മേൽപ്പറഞ്ഞവ കൂടാതെ കൂടുതൽ തകരാറുകൾ ഉണ്ടാക്കുന്ന പ്രീസെടസ്ഡ് കോൺക്രീറ്റ് പൈപ്പുകൾ, ഏ.സി.പൈപ്പുകൾ ഇവ കഴിയുന്നിടത്തോളം സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഒഴിവാക്കി പുതിയ പദ്ധതികൾ രൂപകൽപന ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് എന്ന സ്ഥാപനത്തിന്റെ സാങ്കേതിക വിജ്ഞാനവും അനുഭവസമ്പത്തും ഉപയോഗപ്പെടുത്തി കാലാകാലങ്ങളിൽ സ്പെസിഫിക്കേഷൻ പരിഷ്ക്കരിക്കുന്നതും പൈപ്പ് പൊട്ടലുകൾ ഉണ്ടാകാതിരിക്കാൻ പ്രയോജനപ്പെടുന്നുണ്ട്.

(ഇ) ഇത്തരം 'ഡി' യിൽ പറഞ്ഞിരിക്കുന്നവ കൂടാതെ പുതിയ സാങ്കേതിക സംവിധാനം ഏർപ്പെടുത്തുവാനും ആലോചിക്കുന്നുണ്ട്.

ശുദ്ധജലവിതരണ പദ്ധതികൾക്ക് ലോകബാങ്ക് സഹായം

42 (192) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ശുദ്ധജലവിതരണപദ്ധതികളുടെ നടത്തിപ്പിനായി ലോകബാങ്കിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) ഇതിൽ ഏതെങ്കിലും പദ്ധതിയുടെ പണി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ലോകബാങ്ക് ധനസഹായത്തോടെ സംസ്ഥാനത്ത് 7 ശുദ്ധ ജലവിതരണ പദ്ധതികൾ ഏറ്റെടുത്തിരുന്നു. ഇവ പുത്തൻകുരിശ് വിശാലകൊച്ചി വികസന അതോറിറ്റി, കോട്ടയം, അടൂർ, കൊല്ലം, ചിതറ, വിളപ്പിൽ എന്നിവയാണ്. ഇവയുടെ ലോകബാങ്ക് ധനസഹായം 31-3-1994-ൽ അവസാനിച്ചു. ലോകബാങ്കിൽ നിന്നും നാളിതുവരെ കേരള വാട്ടർ അതോറിറ്റിക്ക് 63.15 കോടി രൂപ ധനസഹായം (ലോൺ) ലഭിച്ചിട്ടുണ്ട്.

തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ പഞ്ചായത്തുകളിൽ ലോകബാങ്ക് സഹായത്തോടെ ഒരു ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കാനുള്ള അന്തിമചർച്ച നടന്നു വരുന്നു. സഹായമൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly